# ACADEMIC MASTER PLAN 2025-26

## ആമുഖം

കോട്ടക്കൽ ഗ്രാമത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി തീരദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് കോട്ടക്കൽ കുഞ്ഞാലി മരക്കാർ സ്കൂൾ.

ചരിത്രം:

പ്രൈമറി വിദ്യാഭ്യാസം പോലും അപ്രാപ്യമായ തീരദേശവാസികൾക്ക് അക്ഷരവെളിച്ചം പകരാൻ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മദ്രാസ് സർക്കാർ അനുവദിച്ച എലിമെന്ററി സ്കൂൾ,കോട്ടക്കലിൽ സ്ഥാപിതമായി. അതോടെ ധീരദേശാഭിമാനി കുഞ്ഞാലി മരക്കാരുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ നാടിന് ഒരു പുതിയ യുഗപ്പിറവിയുടെ തുടക്കവുമായി. പതിറ്റാണ്ടുകൾക്ക് ശേഷം 1966 ൽ യു.പി സ്കൂളായും 1976 ൽ ഹൈസ്കൂളായും 21ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ ഹയർ സെക്കന്ററി സ്കൂളായും ഉയർന്ന വിദ്യാലയത്തിന്റെ ചരിത്രം ഒരു ജനതയുടെ വിദ്യാഭ്യാസ സ്വപ്നങ്ങളുടെ സാക്ഷാത്കാരമായിരുന്നു. വളർച്ചയുടെ നാൾവഴികളോരോന്നിലും പാഠ്യ പാഠ്യേതര മേഖലകളിൽ പുലർത്തിയ മികവാണ് സ്കൂളിന്റെ വളർച്ചയുടെ ഊർജ്ജ സ്രോതസ് എന്ന് ഉറച്ച് വിശ്വസിക്കാം.

പുതിയ വിദ്യാഭ്യാസ പദ്ധതി ആവശ്യപ്പെടുന്ന തരത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ നമ്മുടെ വിദ്യാലയം ഏറെ മുന്നിലാണ്. വിശാലമായ ക്ലാസ് മുറികളോടെ പുതിയ കെട്ടിടം,സുസജ്ജമായ സയൻസ് ലാബുകൾ, സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, റീഡിംഗ് റൂം മുതലായ സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ കുട്ടിയുടെ മാനസിക വികാസത്തിന് വേണ്ടതെല്ലാം ലഭ്യമാക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. ലിറ്റിൽ കൈറ്റ് സ്,നേവൽ എൻ.സി.സി, ഭാരത് സ്കൗട്ട് & ഗൈഡ്സ്, ജെ.ആർ.സി, എന്നീ യൂനിറ്റുകൾ സജീവമാണ്. മലയാളം, ഇംഗ്ലീഷ്, മീഡിയം ക്ലാസുകൾ വിദ്യാലയത്തിന് ഏറെ അഭിമാനകരമാണ്. എസ്. എസ്. എൽ. സി, ഹയർ സെക്കന്ററി പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കാൻ കഴിഞ്ഞു എന്നത് ഏറെ അഭിമാനർഹം. വിവിധ ക്ലബുകളുടെ പ്രവർത്തനം, കലാ കായിക മേഖലകളിൽ മികച്ച പരിശീലനം, ഈ കഴിഞ്ഞ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മികവാ ർന്ന വിജയം കരസ്ഥമാക്കാനും നമ്മുടെ മക്കൾക്ക് സാധിച്ചതിൽ ഏറെ അഭിമാനം.

ഹയർ സെക്കന്ററി വിഭാഗത്തിൽ ബയോളജി സയൻസ്, കമ്പ്യൂട്ടർ സയൻസ്,കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ബാച്ചുകളിൽ മികച്ച വിജയം ആവർത്തിക്കുകയാണ്. കൂടാതെ എൻ. എസ്.എസ് യൂണിറ്റും ഹയർ സെക്കന്ററിയിൽ മികച്ച സേവനങ്ങൾ നൽകിവരുന്നു. മികച്ച വിജയങ്ങളിലൂടെ വിദ്യാഭ്യാസ മികവും മെച്ചപ്പെട്ട പാഠ്യേതര പ്രവർത്തനത്തിലൂടെ വ്യക്തിത്വ രൂപീകരണവുമാണ് സ്കൂളിന്റെ പരമ പ്രധാനമായ ലക്ഷ്യം.

# മലയാളം.

## മലയാളക്ലബ്ബ് പ്രവർത്തനം – ഭാഷാശേഷി വികസനം/സർഗ്ഗശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം ചിലവാകുന്ന |
|---|---|---|---|---|
| 1 ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. എല്ലാ വിദ്യാർത്ഥികൾക്കും അനായാസമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസനം. വിദ്യാർത്ഥികളുടെ നിലവിലെ ഭാഷാവൈദഗ്ധ്യം വളർത്തിയെടുക്കുക. | അക്ഷരം, ചിഹ്നം എന്നിവ ഉറപ്പിക്കൽ – പ്രീ-ടെസ്റ്റ്. പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. (ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം ക്ലാസ് നൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾ) പോസ്റ്റ്-ടെസ്റ്റ്. | 2 മാസം – 1 വർഷക്കാലം. | മലയാളം അധ്യാപകർ SRG | PTA |
| 2 വിദ്യാർത്ഥികളിലെ സ്വതന്ത്രവായന പരിപോഷിപ്പിക്കുക. | ക്ലാസ് ലൈബ്രറി നവീകരണം. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങളുടെ ലഭ്യത ഉറപ്പു വരുത്തൽ. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ വായനക്കൊരു വാർഷികപദ്ധതി. (ഓരോ ക്ലാസിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ) | 6 മാസം – 1 വർഷം. | വിദ്യാരംഗം ചാർജ്ജ് മലയാളം ടീച്ചർ. മലയാളം – അധ്യാപകർ SRG | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം ചിന്തുന്ന |
|---|---|---|---|---|
| 2. | സ്കൂൾ ലൈബ്രറി അക്കാദമിക് സജ്ജീകരണത്തിന്റെ അവിഭാജ്യ ഘടകം എന്നരീതിയിൽ ഉപയോഗപ്പെടുത്തുന്നു.<br>റീഡിംഗ് റൂം സൗകര്യമൊരുക്കൽ<br>വായനോത്സവം<br>ജന്മദിനപുസ്തകം.<br>പത്രവായന. | 6മാസം-1വർഷം | മലയാളം അധ്യാപകർ. SRG | PTA |
| 3. പത്രവായന പരിപോഷിപ്പിക്കുക. | പത്രവായന-പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>ഓരോ ക്ലാസിനും ഓരോ പത്രം.<br>പ്രധാനവാർത്തകളുടെ അവതരണം-പത്രക്വിസ്. | 3മാസം-1വർഷം.<br>ദിവസേന-<br>ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻചാർജ്. | |
| 4. സർഗ്ഗശേഷി വികസനം. | വചനാത്സവം പങ്കുവയ്ക്കൽ.<br>മലയാള സാഹിത്യ ക്വിസ്.<br>കവിത/കഥ രചനാ ശില്പശാല | വർഷത്തിൽ ഒരുതവണ | SRG | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| | കവിതാലാപന മത്സരം. | മാസത്തിൽ 1 തവണ | വിദ്യാരംഗം. | |
| | പുസ്തകചർച്ച,<br>പുസ്തകാസ്വാദനം.<br>ഇ-വായന | മാസത്തിൽ 1 തവണ | | PTA |
| | സാഹിത്യകാരന്മാരുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം<br>SRG | |
| | വിഷ്വൽ ആർട്സ്, ലിറ്ററി ആർട്സ്, പെർഫോമിംഗ് ആർട്ട്സ് ഇവയുൾക്കൊണ്ട ഭാഷാ പഠനം സാധ്യമാക്കുന്നു. സാഹിത്യ പ്രവർത്തനങ്ങളിൽ നിരന്തരം ഏർപ്പെടുന്നതുവഴി ലോകത്തെ മറ്റൊരു വീക്ഷണ കോണിൽ നിന്ന് മനസ്സിലാക്കാനുള്ള മികച്ച അവസരം - വൈകാരിക പക്വത - പരസ്പര വൈദഗ്ധ്യം വളർത്തിയെടുക്കൽ - പങ്കാളിത്തം സർഗ്ഗാത്മക രചന - ഭാഷാവികസനത്തിലേക്കുള്ള ചുവടുവെപ്പ്. | | വിദ്യാരംഗം<br>SRG | |

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടിഖൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br><br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ ^പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ – നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

# H S ENGLISH MASTER PLAN

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | English library നവീകരണം.<br>English corner<br>English cartoon പ്രദർശനം<br>English Assembly | Saturdays. | Teachers | |
| 2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Cinema & Documentary - Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br>Role play, English Day ആചരണം, Seminar പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രഫി തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | Teachers, SRG | English club |
| 3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായ രചനയ്ക്ക് സജ്ജരാക്കുക. | അക്ഷരകാർഡ്, പദകാർഡ്, വാക്യ നിർമ്മാണത്തിനുള്ള കാർഡുകൾ<br>ചിത്രവായന ലഘുകുറിപ്പ് നിർമ്മാണം public speaking, Simple Games, Newspaper reading, preparation of new, News reading Competition | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | Teachers, SRG | English club |

| | | | | |
|---|---|---|---|---|
| നാടകീകരണം | English Assembly, skit<br>Puppet show, English lab | ക്ലാസ്സ് പ്രവർത്തനങ്ങളോടൊപ്പം | Teachers, SRG | PTA |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet show, skit, കഥാപ്രസംഗം എന്നിങ്ങനെയുള്ള അവതരിപ്പിക്കുന്നു. | Saturdays, Camp. | PTA, SRG Teachers | PTA |
| 5. കവിതാലാപനത്തിന് കവിത രചനയ്ക്കും പ്രോത്സാഹനം. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു. | | | |
| | Book Reviews<br>രചനകളുടെ പ്രദർശനം | Yearly | English Teachers | PTA, Management. |
| 6. സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖം നടത്തുന്നു. | Vacation time | Teachers, PTA, SRG | PTA, SRG, Management. |
| | English fest, English Film. | അക്കാദമിക വർഷത്തിൽ ഒന്ന് | English club | |

| | | | | |
|---|---|---|---|---|
| സംവാദ സദസ്സുകൾ സംഘടിപ്പിക്കുക. | Native speakers ഒത്ത് സമയം ചിലവഴിക്കാൻ സംവാദം നടത്താൻ സന്ദർഭങ്ങൾ ഒരുക്കുന്നു. | അക്കാദമിക വർഷത്തിലൊരിക്കൽ | Teachers, PTA, SRG. | PTA, English club |

Social Science. - Academic Master plan.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ ബോധം വളർത്തിയെടുക്കാൻ. | → ക്ലബ് രൂപീകരണം<br>→ സാമൂഹ്യശാസ്ത്രമേളകളിൽ പങ്കെടുക്കാൻ കുട്ടികളെ തയ്യാറാക്കിയെടുക്കുന്നതിനായി ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും വിവിധ മത്സരങ്ങൾ നടത്തുന്നു.<br>→ പഠനോപകരണങ്ങളുടെ നിർമ്മാണം | ജൂൺ | ഓരോ ക്ലാസിലെയും കുട്ടികൾ. |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി ചരിത്രബോധത്തിൽ നിന്നു ഭാവി രൂപപ്പെടുത്തുക | → ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>→ സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാന പരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠനക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>→ സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ. | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| ജനസംഖ്യാദിനം - ജനസംഖ്യാവർധനവ് കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാൻ. | ജനസംഖ്യാദിനത്തിന് ഉപന്യാസരചന. | ജൂലൈ | ഓരോ ക്ലാസിലെയും കുട്ടികൾ |
| → സാമൂഹ്യശാസ്ത്രപ്രദർശനം. പഠിക്കുന്ന ക്ലാസിനനുസരിച്ച് ഉയർന്ന ശേഷികൾ നേടാൻ കുട്ടികളെ സഹായിക്കുന്നു | നാണയശേഖരണം<br>സ്റ്റാമ്പ്ശേഖരണം<br>പുരാവസ്തുശേഖരണം<br>പ്രദർശനം. | | കുട്ടികൾ. |
| പഠനോപകരണ നിർമ്മാണത്തിൽ താൽപര്യമുണ്ടാക്കുക. | പഠനോപകരണങ്ങളുടെ നിർമ്മാണം | ആദ്യഘട്ടം. | മുഴുവൻ വിദ്യാർത്ഥികളും |
| ചരിത്രനിർമ്മിതികളിൽ താല്പര്യമുണ്ടാക്കുക | പഴയകാല കാർഷികോപകരണങ്ങളുടെയും ഗൃഹോപകരണങ്ങളുടെയും പ്രദർശനം | ജൂലൈ | മുഴുവൻ വിദ്യാർത്ഥികളും. |
| ജനാധിപത്യം ഒരു ജീവിതരീതിയാക്കി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | തിരഞ്ഞെടുപ്പ് ദിനത്തിൽ. | സാമൂഹ്യശാസ്ത്ര അധ്യാപക |
| സ്വാതന്ത്ര്യദിന സ്മരണകൾ ഉണർത്തുന്ന ദേശസ്നേഹം, ദേശീയബോധം ഇവ വളർത്തുന്നതിന്. | സ്വാതന്ത്ര്യദിനത്തിന്, ഉപന്യാസരചന | ആഗസ്റ്റ് | കുട്ടികൾ |

| | | | |
|---|---|---|---|
| | ചിത്രരചന, പതിപ്പ് തയ്യാറാക്കൽ | | |
| ആഘോഷങ്ങളെ കുറിച്ച് അറിയുന്നതിനും, മതനിരപേക്ഷത, സഹവർത്തിത്വം, സഹകരണം എന്നിവ വളർത്തുന്നതിന്. | ഓണം, പെരുന്നാൾ ആഘോഷം നടത്തുന്നു. പൂക്കളം, വിവിധ കലാപരിപാടികൾ. | സെപ്റ്റംബർ | മുഴുവൻ കുട്ടികളും |
| സർവ്വേ നടത്തുന്നത് അറിയുന്നതിന് കുട്ടികളുടെ സാമ്പത്തിക സാമൂഹ്യനിലവാരം അറിയുന്നതിന്. | ചോദ്യാവലി തയ്യാറാക്കുന്നു. കുട്ടികളെ കൊണ്ട് സർവ്വേ ചെയ്യിക്കുന്നു. കുട്ടികൾ വിവരങ്ങൾ ശേഖരിക്കുന്നു. | രണ്ടാംഘട്ടം | കുട്ടികൾ |
| ചരിത്രരചന ശാസ്ത്രീയമായി ചെയ്യുന്നതിനു. മനസ്സിലാക്കുന്നതിനും, | പ്രാദേശിക ചരിത്രം തയ്യാറാക്കൽ ആവശ്യമായ പരിശീലനങ്ങൾ നൽകുന്നു. | ഓണാവധിക്കാലം. | മുഴുവൻ കുട്ടികൾ. |
| യുദ്ധവിരുദ്ധ ചിന്തകൾ വളർത്തുന്നതിന്. | ഹിരോഷിമ-നാഗസാക്കി ദിനാചരണം നടത്തുന്നു. | | |

4

| | | | |
|---|---|---|---|
| രാഷ്ട്രപിതാവിനെ കുറിച്ച് കൂടുതൽ അറിയുന്നതിന്. | വീഡിയോ പ്രദർശനം, കൊളാഷ്, ന്യൂസ്‌പേപ്പർ കട്ടിങ്ങുകൾ ശേഖരണം, ക്വിസ് മത്സരം.<br>ഗാന്ധിജിയുടെ ഛായ ചിത്രം ഓരോ ക്ലാസിലും പതിക്കുന്നു.<br>സ്കൂളും പരിസരവും വൃത്തിയാക്കൽ<br>ഗാന്ധിചിത്രരചന മത്സരം. | ഒക്ടോബർ. | സാമൂഹ്യശാസ്ത്ര-ക്ലബ് |
| വ്യത്യസ്ത ഇനം മണ്ണിനങ്ങളെ കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാടുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുന്നതിന് | വിവിധ മേഖലകളിൽ ഇവ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചർച്ചാക്ലാസുകളും ക്വിസുകളും, കാടും മേടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| സാമൂഹ്യശാസ്ത്രത്തിലുള്ള പ്രാവീണ്യം, മെച്ചപ്പെടുത്തുന്നതിന് - SSLC വിദ്യാർത്ഥികൾക്ക് | വിദഗ്ധരെ ഉൾപ്പെടുത്തി ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| ഭൂപടരചനയിൽ നൈപുണ്യം വളർത്തുന്നതിന്. | ഭൂപടനിർമ്മാണ പരിശീലനം നൽകുന്നു. | ജനുവരി. | 10-ാം ക്ലാസിലെ കുട്ടികൾ. |

## ദീർഘകാലപദ്ധതി.

ഹ്രസ്വകാല - മധ്യകാല പദ്ധതികൾ ഈ വർഷം നടക്കുന്നതോടൊപ്പം ദീർഘകാല പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അവയിൽ ചില പ്രധാന പ്രവർത്തനങ്ങൾ ഇവിടെ കൊടുക്കുന്നു. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ഈ പ്രവർത്തന പദ്ധതികൾക്ക് മാറ്റങ്ങൾ വരുത്താവുന്നതും പുതിയവ കൂട്ടിച്ചേർക്കാവുന്നതാണ്.

- കോഴിക്കോട് ജില്ലയിലെ കരകൗശലഗ്രാമമായ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് നില നിൽക്കുന്ന സ്ഥലം ചരിത്രപരമായി വളരെ പ്രാധാന്യമുള്ളതാണ്. ഈ സ്ഥലം പയ്യോളി മുനിസിപ്പാലിറ്റി ഊരാളുങ്കൽ ലേബർ കൺസ്ട്രക്ഷൻ സൊസൈറ്റിക്ക് കൈമാറിയപ്പോൾ കുഞ്ഞാലിമരക്കാറിന്റെ പെരുമയുള്ള സ്മാരകങ്ങൾ നശിപ്പിക്കപ്പെടുകയും, ആ ചരിത്രപുരുഷനെ ഓർമിപ്പിക്കാനാവശ്യമായ ഒരു സ്മാരകങ്ങളും അവിടെ സ്ഥാപിക്കപ്പെടുകയും ചെയ്തിട്ടില്ല. ഇത് പരിഹരിക്കാൻ സോഷ്യൽ സയൻസ് ക്ലബ് അംഗങ്ങൾ, PTA മാനേജ്മെന്റ്, വിവിധ സംഘടനകൾ എന്നിവരുടെ സഹായത്തോടുകൂടി പ്രാദേശിക ഒപ്പുശേഖരണം നടത്തുകയും ഒരു നിവേദനം മുനിസിപ്പാലിറ്റിക്ക് സമർപ്പിക്കുകയും ചെയ്തു. അതിനു വേണ്ടിയുള്ള തുടർനടപടികൾ നടന്നു വരുന്നു.
- വിദ്യാർത്ഥികൾക്ക് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ
- വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉതകുന്ന ചരിത്രലൈബ്രറി- പുസ്തകങ്ങളുടെ ശേഖരണം. കൂടാതെ ഇത് സമൂഹത്തിന് കൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ മാറ്റം വരുത്തൽ.
- സാമൂഹ്യശാസ്ത്ര പഠനത്തിനുതകുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങൽ (ഗ്ലോബ്, ഭൂപടം, ടെലസ്കോപ്പ്)
- ചരിത്രപഠനത്തിൽ തല്പരരായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് സാമൂഹ്യശാസ്ത്രകിറ്റ് നൽകി അവരെ മികച്ച സാമൂഹ്യശാസ്ത്രഗവേഷക വിദ്യാർത്ഥികളായി മാറ്റിയെടുക്കൽ.

# ACADEMIC MASTER PLAN

## SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| **1) അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| **2) ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| **3) ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| **4) ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ആശയ ധാരണ ഉറപ്പുവരുത്തൽ | 8th പിരീഡും നടത്തി വിട്ട് ക്ലാസുകൾ<br>10th മാത്സ് ക്വിസ്<br>ഗണിത ക്ലബ് രൂപീകരണം | ജൂൺ | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഫണ്ട് |
| * നിർമ്മിതികളിലെ ശേഷി ഉറപ്പുവരുത്തൽ. | ജ്യാമിതിപ്പെട്ടിയുടെ ഉപയോഗം, ശില്പശാലകൾ | തുടർപ്രവർത്തനം (July) | അധ്യാപകർ | പിടിഎ |
| * ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രായോഗികം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒന്ന് ടേമിൽ നിന്ന് | അധ്യാപകർ, പിടിഎ | |
| * ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അറിവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് (August 8th, 9th, 10th) | അധ്യാപകർ, ഗണിത ക്ലബ്. | പിടിഎ |
| * സംഖ്യാബോധം ഉണ്ടാക്കൽ | സംഖ്യാപഠനം | തുടർപ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |

| | | | | |
|---|---|---|---|---|
| * അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുറികളിലെ ഇടപ്രവർത്തനം സാധ്യമാക്കി കുട്ടികളിൽ നേട്ടം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ, ചർച്ചകൾ, പഠനാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം - മുഴു. പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| * ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ, കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ ഗണിത പൂക്കളം | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും (sep) | ഗണിത അധ്യാപകർ | ഗണിത ക്ലബ് |
| * ഗണിത മേള വേദിയിലേക്ക് മേളകളിൽ ഉയർന്ന സ്ഥാനം കൈവരിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മേളകൾക്ക് പ്രോത്സാഹനം, ഭാസ്കരാചാര്യ സെമിനാർ | മാസത്തിൽ ഒന്ന് (up, HS) | ക്ലബ് സെക്രട്ടറി, അധ്യാപകർ, പിടിഎ. | പി.ടി.എ |
| * ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | october | ക്ലബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | |
| * Mid term exam | 10th . | November | | |
| * രാമാനുജൻ paper presentation | 9th, 10th (വിഷയം: നേടിയെടുത്ത സംഖ്യകൾ) | December. | | |

തൈയ്യൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

മാസ്റ്റർ പ്ലാൻ

| മാസം | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | പൂർണ്ണ നിർവ്വഹണ ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| ജൂൺ | വിവിധ തയ്യൽ മേഖലകളിൽ ആവശ്യമായ നൈപുണികൾ കണ്ടെത്തി എഴുതുക | കുട്ടികളുടെ തയ്യൽ മേഖല തിരിച്ചറിഞ്ഞ് ആവശ്യമായ നൈപുണികൾ സ്വന്തമാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | 2 ആഴ്ച | WIE TR | — |
| ജൂലൈ | ബോട്ടിൽ പെയിന്റിങ് | മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണരീതി പരിചയപ്പെടുന്നു. | 1 ആഴ്ച | WIE TR | — |
| ആഗസ്റ്റ് | ചിത്രത്തുന്നൽ ശൈലികളിൽ കൂടുതൽ മോഡലുകൾ ചെയ്യുന്നു. | സ്വന്തമായി പൂക്കളും ഇലകളും വരക്കാനും കഴിയുന്നു. | 1 ആഴ്ച | WIE TR | — |
| സെപ്തംബർ | എംബ്രോയ്ഡറി | വിവിധ വസ്ത്രാലങ്കാര രീതി പരിചയപ്പെടുന്നു. | 2 ആഴ്ച | WIE TR | — |
| ഒക്ടോബർ | ഗേൾ ഡ്രസ്സ് (ചുരിദാർ) തയ്യൽ | സമൂഹത്തിൽ ഇടപെടുമ്പോൾ ശരിയായ വസ്ത്രങ്ങൾ ബോധ്യപ്പെടുത്തുക. | 2 ആഴ്ച | WIE TR | — |
| നവംബർ | ഡ്രസ്സ് പെയിന്റിങ് | ചിത്രം നിർമ്മിക്കുക പെയിന്റ് ചെയ്യുക. | 2 ആഴ്ച | WIE TR | — |
| ഡിസംബർ | പുഷ്പാലങ്കാരം | സാമ്പത്തിക ലാഭമുള്ള ഉൽപ്പന്നങ്ങളെ നിർമ്മിക്കുക | 1 ആഴ്ച | WIE TR | Ff |
| ജനുവരി | പാഴ്വസ്തുക്കളുടെ ഉൽപ്പന്നങ്ങൾ നിർമ്മിക്കൽ | ഉപയോഗ ശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുക | 2 ആഴ്ച | WIE TR | — |

മേഖല : അക്കാദമികം

ഉപ മേഖല: **ആരോഗ്യ കായിക വിദ്യാഭ്യാസം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | * രാവിലെയും വൈകുന്നേരവും പരിശീലനങ്ങൾ<br>* കായികക്ഷമതയും മികവും കണ്ടെത്തുന്നതിന് വിവിധ മത്സരങ്ങൾ<br>* പ്രഥമ ശുശ്രൂഷ എങ്ങനെയെല്ലാം എന്നതിന് പ്രത്യേക പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | കായികാധ്യാപകൻ | SRG,<br>SMC, PTA,<br>ആരോഗ്യ വകുപ്പ് |
| 2 | ആരോഗ്യ കായികോന്നമനത്തിനായി സ്കൂൾ കായിക വേദിയുടെ തനത് പ്രവർത്തനങ്ങൾ | * സ്കൂൾ കായിക വേദി രൂപീകരണം, വാർഷിക പദ്ധതി ആസൂത്രണം<br>* കായിക വേദിയുടെ നേതൃത്വത്തിൽ മാരത്തൺ, ഫുട്ബാൾ പരിശീലനം, നീന്തൽ പരിശീലനം, ബാഡ്മിന്റൺ പരിശീലനം, ഹോക്കി ടീം വാർത്തെടുക്കൽ, ഒളിമ്പിക്സ് ക്വിസ്, പതിപ്പ് നിർമാണം മുതലായവ<br>* കായിക താരങ്ങളെ ആദരിക്കൽ | യഥാകാലങ്ങളിൽ | കായികവേദി കൺവീനർ | കായികാധ്യാപകൻ<br>SMC, PTA,<br>പൂർവ്വ വിദ്യാർഥികൾ<br>നഗരസഭ<br>RS:- 25,000 |
| 3 | ഉപജില്ലാ- ജില്ലാ- സംസ്ഥാന മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കിയെടുക്കൽ | * തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പരിശീലനങ്ങൾ<br>* ലഘു ഭക്ഷണം നൽകൽ | വെക്കേഷൻ, മറ്റ് അവധി ദിനങ്ങളിൽ | കായികാധ്യാപകൻ | SMC, PTA,<br>പൂർവ്വ വിദ്യാർഥികൾ<br>Rs:- 15,000 |
| 4 | പെൺകുട്ടികളെ ശാക്തീകരിക്കലും ആത്മ വിശ്വാസം വളർത്തലും | * പെൺകുട്ടികൾക്ക് ജൂഡോ / കരാട്ടെ പരിശീലനം<br>* സൈക്ലിങ് പരിശീലനം<br>* നീന്തൽ പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | കായികാധ്യാപകൻ<br>കായികവേദി | പരിശീലകർ<br>SMC, PTA<br>Rs:- 20,000 |

# കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ /സാമ്പത്തികം |
|---|---|---|---|
| കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗവാസനകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക സംഗീതം നൃത്തം അഭിനയം, ചിത്രരചന തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുള്ള കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്ന് | 2025 26 അധ്യായന വർഷം പിടിഎ ഫണ്ട് | പിടിഎ ഫണ്ട് |